പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **3452** | 20.6.2018- ൽ മറുപടിയ്ക്ക്

**പ്രവാസികൾക്കുള്ള വായ്പാ പദ്ധതി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പ്രവാസികൾക്ക് സംരംഭമാരംഭിയ്ക്കുന്നതിന് വേണ്ടി ഏതെല്ലാം തരത്തിലുള്ള പ്രത്യേക വായ്പാ പദ്ധതികളാണ് നിലവിലുള്ളത്; ഏത് ഏജൻസി മുഖേനയാണ് വായ്പാ വിതരണം നടത്തി വരുന്നതെന്ന് അറിയിക്കുമോ; | എ) മടങ്ങി വന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽ കാർഷികം, കച്ചവടം, ഉൽപാദനം, സേവനം എന്നീ മേഖലകളിൽ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വായ്പ അനുവദിക്കുന്നുണ്ട്. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ , സൗത്ത് ഇൻഡ്യൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് വായ്പ വിതരണവുമായി ബന്ധപ്പെട്ട് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഒപ്പിട്ടിട്ടുള്ളത്. |

| | |
|---|---|
| ബി) ഇവർക്കു വേണ്ടി പ്രത്യേക വായ്പാ പദ്ധതികൾ നിലവിലില്ലായെങ്കിൽ ലോക കേരള സഭയിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ; | ബി) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ തിരികെയെത്തുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ ഫലപ്രദമാകണമെന്ന് നിർദ്ദേശം ഉയർന്നു വന്നിരുന്നു. പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനും നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണത്തിലേയ്ക്കുമായി 23/04/2018 ലെ ജി.ഒ (ആർ.ടി) നം.290/2018/നോർക്ക നം. ഉത്തരവ് പ്രകാരം ഡോ. ആസാദ് മൂപ്പൻ ചെയർമാനായി സ്റ്റാൻഡിംങ്ങ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട നിക്ഷേപം സമാഹരിച്ച് പ്രവാസികൾ മടങ്ങിയെത്തുമ്പോൾ അവർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്താൻ ലക്ഷ്യമിട്ട് സ്ഥാനത്തെ സിയാൽ പോലെ വിജയിച്ച മാതൃകകൾ പിന്തുടർന്ന് സംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചകൾ പുരോഗമിച്ചു വരുന്നു. |
| സി) ഏതെങ്കിലും തരത്തിലുള്ള വായ്പകളെടുത്ത്, സാമ്പത്തിക ബുദ്ധിമുട്ട് കാരണം തിരിച്ചടവ് മുടങ്ങി കുടിശ്ശികയുള്ള പ്രവാസികളെ സഹായിക്കുന്ന തരത്തിലോ, റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള ഇളവുകൾ അനുവദിക്കുന്ന തരത്തിലോ ഉള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) ഇല്ല. തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള വായ്പകൾ മാത്രമാണ് നിലവിൽ അനുവദിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**